ഉത്തരം

(എ) ചില സ്പെഷ്യാലിറ്റികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവംമൂലവും ചില ജില്ലകൾ സ്ഥിര നിയമനത്തിന് തെരഞ്ഞെടുക്കുന്നതിൽ ഡോക്ടർമാർ തല്പരരല്ലാത്തതുകൊണ്ടും ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. എന്നാൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിച്ചും എൻ.എച്ച്.എം. വഴി താൽക്കാലികമായി നിയമിച്ചും ഈ കുറവ് പരിഹരിക്കുകയും ജനങ്ങൾക്ക് സേവനം ലഭ്യമാക്കുകയും ചെയ്തു വരുന്നുണ്ട്. വിവിധ വിഭാഗം പാരാമെഡിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ ദ്രുതഗതിയിൽ നികത്താനുള്ള നടപടികൾ എടുത്തുവരുന്നു. സംസ്ഥാനത്തെ സർക്കാർ ജനറൽ ആശുപത്രികളിൽ ആവശ്യ മരുന്നുകളുടെ ദൗർലഭ്യം നിലവിലില്ല. അടിയന്തര ഘട്ടങ്ങളിൽ അത്യാവശ്യ മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ അവ ലോക്കൽ പർച്ചേസ് വഴി വാങ്ങുവാൻ ആശുപത്രി മേധാവികൾക്ക് അധികാരമുണ്ട്. ജനറൽ ആശുപത്രികളിൽ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(ബി) രോഗനിർണ്ണയത്തിനുള്ള എക്സ്റേ, ലബോറട്ടറി ഉപകരണങ്ങൾ എന്നിവ ജനറൽ ആശുപത്രികളിലും പ്രധാനപ്പെട്ട മറ്റ് ആശുപത്രികളിലും ലഭ്യമാണ്. ചില ആശുപത്രികളിൽ സി.റ്റി. സ്കാൻ സൗകര്യവും ലഭ്യമാണ്. ജനറൽ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് പരമാവധി രോഗ നിർണ്ണയത്തിനുള്ള എല്ലാ സൗകര്യവും നിലവിലുണ്ട്.

കൊട്ടാരക്കര താലൂക്കാശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റ്

73 (773) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ആവശ്യമായ ജീവനക്കാരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? പ്രസ്തുത ജീവനക്കാരെ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(ബി) ട്രോമാ കെയർ യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും അതിന്റെ നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നാൽപ്പത്തിയെട്ട് ജീവനക്കാർ ആവശ്യമാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)* പ്രൊപ്പോസൽ പരിശോധന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി കേരള ട്രാൻസ്പോർട്ട് പ്രോജക്ടുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നഴ്സ് തസ്തികകൾ

74(774) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ സ്റ്റാഫ് നഴ്സിന്റെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടപ്പുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) ഈ തസ്തികകൾ നികത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) എങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സ്റ്റാഫ് നഴ്സ് ഗ്രേഡ്-I -ന്റെ 36 ഒഴിവുകളും സ്റ്റാഫ് നഴ്സ് ഗ്രേഡ്-II-ന്റെ 11 ഒഴിവുകളും നിലവിലുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ബി & സി) കാസർഗോഡ് ജില്ലയിൽ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയ്ക്ക് 20-3-2013-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽനിന്ന് ഇതുവരെ 45 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 44 ഒഴിവുകൾ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. ഒരു ഒഴിവ് പ്രസ്തുത ലിസ്റ്റിൽ ഭാഗിക ശ്രവണ വൈകല്യമുള്ള വിഭാഗക്കാരുടെ ഊഴത്തിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ അടുത്ത റാങ്ക് ലിസ്റ്റിൽനിന്നും നികത്തുവാൻവേണ്ടി മാറ്റിവച്ചിരിക്കുകയാണ്.

ബഡ്ജറ്റിൽ വകയിരുത്തിയ തുക

75(775) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ വിവിധ ഹെഡ്ഡുകളിലായി തുടർച്ചയായി മൂന്നുവർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ അൻപത് ശതമാനത്തിലധികം ഇതിനകം പിൻവലിക്കാൻ സാധിച്ചിട്ടില്ലാത്ത ഹെഡ്ഡുകൾ ഏതൊക്കെയാണ്;

ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly